## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1197** **01/07/2015-ലെ മറുപടിക്ക്**

**നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് കയ്യേറ്റം**

**ചോദ്യം**

**ശ്രീ. എ.കെ. ബാലൻ**

**മറുപടി**

**ശ്രീ.അടൂർപ്രകാശ്**

**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് കയ്യേറ്റത്തെക്കുറിച്ച് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്മേൽ റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; | (എ) | നെല്ലിയാമ്പതിയിലെ തർക്കഭൂമിയുമായി ബന്ധപ്പെട്ട് മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കുവാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തി സ. ഉ (സാധാ) 5473/2014/ റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വെ ഡയറക്ടറുടെ ബി2-33419/2014 നമ്പർ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട സർവ്വെ ടീമിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി | വകുപ്പ് സ്വീകരിച്ച നടപടികളെ കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ;എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾക്കെതിരെ പോബ്സ് എസ്റ്റേറ്റ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)നം. 34072/2014 നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം സർവ്വെ നടത്തുന്നതൊഴിച്ച് മറ്റു വിഷയങ്ങളിൽ ബഹു. ഹൈക്കോടതിയുടെ മുൻകൂർ അനുമതി യോടുകൂടി മാത്രമേ തുടർ നടപടികൾ കൈക്കൊള്ളാൻ പാടുള്ളൂ എന്ന് ഉത്തരവായിട്ടുണ്ട്. |
| സി) | പ്രസ്തുത റിപ്പോർട്ടിലെ ശുപാർശ പ്രകാരമുള്ള സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| ഡി) | സർവ്വേ ടീമിനെ നിയമിച്ചിട്ടുണ്ടെങ്കിൽ ടീമംഗങ്ങൾ ആരെല്ലാമെന്നും അവർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും നടപടികൾ പൂർത്തീ കരിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി എത്രയെന്നും വിശദ മാക്കുമോ? | (ഡി) | കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾക്കായി മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.ബാബു ഗംഗാധരന്റെ നേതൃത്വത്തിൽ മറ്റു സർവ്വെ ഉദ്യോഗസ്ഥരായ ശ്രീ. ലോഹിതാക്ഷൻ.വി, ശ്രീ.ബേബി കളങ്ങര, ശ്രീ.തമ്പിപോൾ, ശ്രീ.സാംകുട്ടി.വൈ, ശ്രീ.അബ്ദുൾ |

| | | | |
|---|---|---|---|
| | | | റസാക്ക്.പി, ശ്രീ.സുജിത്ത്.എസ്. എന്നിവരാണ് ടീമിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ ശ്രീ.ബാബു ഗംഗാനാഥ് 31/03/2015 ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാന് പകരമായി തൃശ്ശൂർ സർവ്വെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.ബാലകൃഷ്ണനെ നിയോഗിച്ചിട്ടുണ്ട്. സർവ്വെ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് കാലാവധി നിഷ്കർഷിച്ചിട്ടില്ലെങ്കിലും, എത്രയും പെട്ടെന്ന് സർവ്വെ പൂർത്തിയാക്കാൻ സർവ്വെ ടീമിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ